**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4482** **06-03-2023 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പുരപ്പുറ സോളാർ പദ്ധതിയുടെ ഭാഗമായി കെ. എസ്. ഇ. ബി. എൽ. മുഖേന സംസ്ഥാനത്ത് ഇതുവരെ 66,597 വീടുകളിൽ സൗരനിലയം സ്ഥാപിച്ചിട്ടുണ്ട്.<br><br>അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന 25 മെഗാവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് പുരപ്പുറ സോളാർ പവർ പ്ലാന്റുകൾ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടെ കെ.എസ്.ഇ.ബി.എൽ. മുഖേന സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നൽകുന്ന സബ്സിഡികളും മറ്റ് ആനുകൂല്യങ്ങളും വിശദമാക്കാമോ? | (ബി) | സൗര' സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ട് ശേഷിവരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. 10 കിലോവാട്ടിന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്.<br><br>നിലവിൽ MNRE (കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം) സബ്സിഡിയിനത്തിൽ 111,29,08,500/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ ഇൻസെന്റീവ് ഇനത്തിൽ 9,89,69,200/- രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| District | Application status | | Installation Status | | CFA Released Status | |
|---|---|---|---|---|---|---|
| | Total Systems in Numbers | Total Capacity in kW | Total Systems in Numbers | Total Capacity in kW | Total Systems in Numbers | Total Capacity in kW |
| Alappuzha | 594 | 2167 | 209 | 716.24 | 95 | 308 |
| Ernakulam | 744 | 2915 | 153 | 458.09 | 81 | 253 |
| Idukki | 84 | 301 | 42 | 109.44 | 16 | 45 |
| Kannur | 497 | 1830 | 107 | 357.25 | 56 | 186 |
| Kasaragod | 173 | 616 | 37 | 105 | 20 | 52 |
| Kollam | 503 | 1882 | 105 | 352 | 62 | 205 |
| Kottayam | 312 | 1130 | 47 | 127.96 | 18 | 61 |
| Kozhikode | 247 | 906 | 43 | 130.175 | 17 | 48 |
| Malappuram | 199 | 759 | 39 | 121.52 | 5 | 11 |
| Palakkad | 571 | 1940 | 119 | 328.695 | 44 | 145 |
| Pathanamthitta | 315 | 1174 | 72 | 240.48 | 23 | 58 |
| Thiruvananthapuram | 1313 | 4817 | 298 | 964.965 | 128 | 436 |
| Thrissur | 752 | 2624 | 277 | 817.575 | 78 | 280 |
| Wayanad | 143 | 404 | 59 | 127.52 | 11 | 23 |
| **TOTAL** | **6447** | **23465** | **1607** | **4956.91** | **654** | **2111** |

Section officer